# Weekly devotion - November 2017

## Continuously burning lamp ( കത്തികൊണ്ടിരിക്കുന്ന ദീപം)



1968 ൽ നടന്ന മാരത്തോൺ (40 കിലോമീറ്റർ) ഓട്ടത്തിൽ പങ്കെടുത്ത ടാൻസാനിയക്കാരൻ ജോൺ വീണ് മുറിവേറ്റു. ഓട്ടത്തിൽ നിന്ന് പിന്മാറാതെ രക്തം ഒഴുകുന്ന കാലുമായി ജോൺ തന്റെ ഓട്ടം ഓടി തീർത്തു. ഫിനിഷിങ്ങ് പോയിന്റിൽ ചടന്തി ഓടി എത്തിയ ജോണിനോട് പത്രക്കാർ ചോദിച്ചു " എന്തിനാണ് ഇങ്ങനെ ഓടിയത് അദ്ദേഹം അതിന് മറുപടി പറഞ്ഞത് ഇപ്രകാരമായിരുന്നു" " എന്നെ എന്റെ സർക്കാർ വിട്ടത് ഓടിതുടങ്ങുവാനല്ല ഓടി അവസാനിഷിക്കുവാനാണ്. സർക്കാർ പണം ചിലവഴിച്ചത് ഓടി ശ്രമിച്ചുനോക്കുവാനല്ല ഓടി ത്തീർക്കുവനാണ് ". ക്രിസ്തീയ ഓട്ടക്കളത്തിലെ ഓട്ടക്കാരും ഇതേ ചിന്തയോടെ ആകണം ഓടേണ്ടത്.ഫിലി (3:14). ക്രിസ്തുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്ക് ഓടണമെങ്കിൽ നല്ലപോർ പൊരുത് വിശ്വാസം കാത്തുസൂക്ഷിച്ചേ മതിയാകുകയുള്ളൂ.

ആത്മീയ ഓട്ടക്കളത്തിലെ ഓട്ടം പൂർത്തിയാക്കി നീതിയുടെ കിരീടം ലഭ്യമാക്കണമെങ്കിൽ നാം പൂർണ്ണമായി ആത്മീയ പ്രകാശമുള്ളവരാകണം. പുറപ്പാട് (27 :20) ൽ വിളക്ക് നിരന്തരം കത്തിക്കൊണ്ടിരിക്കണമെങ്കിൽ എന്തു വേണമെന്ന് യിസ്രായേൽ മക്കൾക്ക് നൽകുന്ന നിർദ്ദേശം കാണാം. നല്ല ഒലിവുകായ്കൾ ഇടിച്ചെടുത്ത തെളിവുള്ള ഒലിവെണ്ണയാണ് വിളക്ക് നിരന്തരം പ്രകാശിക്കുവാൻ ആവ

ശ്യം. നല്ല ഒലിവുകായ്കൾ അടിച്ചെടുക്കുകയോ അല്ലെങ്കിൽ കഠിനമായ ഭാരം നിരത്തിവച്ച കായ്കൾക്കു മീതെ വച്ച് പിഴിഞ്ഞെടുക്കുകയോ ചെയ്യുമ്പോഴാണ് നല്ല ഒലിവെണ്ണ ലഭിക്കുന്നത്.

നല്ല ഒലിവായ കർത്താവ് കഠിനമായ യാതനകളിൽ കൂടി കടന്ന് മരിച്ചുയർത്ത് പിതാവിന്റെ അടുക്കലെത്തിയത് പരിശുദ്ധാത്മാവാകുന്ന തെളിവുള്ള എണ്ണ നമ്മുക്ക് ലഭ്യമാക്കുവാനാണ്. (അപ്പോ:പ്ര:2:33). കാത്തിരുന്ന് പരിശുദ്ധാത്മാവിനെ പ്രാപിച്ച് നിരന്തരം കത്തിജ്വലിച്ചവരാണ് കർത്താവിന്റെ ശിഷ്യന്മാർ. യജമാനൻ വരും വരെയും വിളക്ക് കെടാതെ സൂക്ഷിക്കുവാൻ നാം വിളക്കിലും പാത്രത്തിലും എണ്ണ കരുതിയിട്ടുണ്ടോ എന്ന് ശ്രദ്ധിക്കുക.

സങ്കീ : 119. 105 ൽ നിന്റെ വചനം എന്റെ കാലിന് ദീപവും പാതയ്ക്ക് പ്രകാശവും ആകുന്നു എന്ന് കാണുന്നു. നമ്മുടെ വഴിക്ക് പ്രകാശംതരുന്ന ദൈവവചനമാകുന്ന വിളക്ക് മങ്ങാതെ കത്തുവാൻ പരിശുദ്ധാത്മാവാകുന്ന എണ്ണ കുറവില്ലാതെ വിളക്കിലുണ്ടായിരിക്കണം. പരിശുദ്ധാത്മാവ് ഒരു വലിയ വെളിച്ചമാകുന്നു. ജ്വലിച്ചുകൊണ്ടിരിക്കുന്ന വിളക്കായി വെളി: (1:4)(4:5) ഈ ഭാഗങ്ങളിൽ കാണാവുന്നതാണ്. അതായത് ദൈവവചനത്തെ പ്രകാശിപ്പിക്കുന്നത് പരിശുദ്ധാത്മാവാകുന്നു.

വിളക്ക് മുമ്പോട്ട് പ്രകാശിക്കുന്നു ( പുറ:25:37) വിളക്കിന്റെ ഈ പ്രകാശം വിളക്കിനു വേണ്ടിയല്ലല്ലോ. ക്രിസ്തുവിനെയും തന്റെ വചനത്തെയും വിട്ട് പിന്നിലേക്കു പോകുന്നവന് അതായത് പിന്മാറ്റക്കാരന് വെളിച്ചം ലഭിക്കുന്നില്ല. വചനത്തെ അനുസരിച്ച് മുന്നോട്ട് പോകുന്നവർക്കു. മാത്രമേ പ്രകാശം കിട്ടുകയുള്ളൂ. തൻനിമിത്തം കൂടുതൽ പ്രകാശം ദിവസന്തോറും കിട്ടികൊണ്ടിരിക്കുകയും ചെയ്യുന്നു.(എബ്രാ :10:37-38)

തേൻ ഉറുമ്പുകൾ പ്രയാസകാലഘട്ടങ്ങളെ അതിജീവിക്കുന്നത് “തേൻകുടങ്ങൾ” എന്ന കൂട്ടത്തിലുള്ള ഉറുമ്പുകളെ ആശ്രയിച്ചാണ്. ആഹാരം ദുർബലമാകുന്ന സാഹചര്യത്തിൽ ഇവ മറ്റുള്ളവയെ സഹായിക്കുന്നു. ഇതുപോലെ പരിശുദ്ധാത്മ സഹായത്തോടെ ദൈവവചനസത്യങ്ങളെ ആവോളം നിറച്ച് നാമും അവന്റെ സന്ദേശവാഹകരാകണം. നിരന്തരം കത്തുന്ന വിളക്കായി

മറ്റുള്ളവർക്ക് പ്രകാശത്തിലേക്കുള്ള വഴികാട്ടികൊടുത്ത് തേൻ കുടങ്ങളായ ഉറുമ്പുകളെപ്പോലെ സാമൂഹിക ഉദരങ്ങളാകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

സമാഗമനകൂടാരത്തെ വിട്ടുപിരിയാതെ യഹോവയുടെ സാന്നിദ്ധ്യം അനുഭവിച്ച യോശുവയെപ്പോലെ കത്തിജ്വലിക്കുന്നവരാകുവാൻ യഹോവ നമ്മെ സഹായിക്കട്ടെ. പരിശുദ്ധാത്മാവാകുന്ന തെളിവുള്ള എണ്ണ നിരന്തരം കത്തുവാൻ സഹായിച്ച പൗലോസിനെപ്പോലെ മേല്ക്കുമേൽ ശക്തിപ്രാപിച്ച് പരമവിളിയുടെ ലാക്കിലേക്കുള്ള ഓട്ടം നമുക്കും ഓടിത്തീർക്കാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.


**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind